[Mr. E. Ikkanda Warriar]

ഫൊറ്, മതലായവ കൂട്ടിയിടുന്നതു് നന്നായിരിക്കുമെന്നാണു്. അതനുസരിച്ചു ചെയ്യാനാണു പോകുന്നതു്.

മിസ്റ്റർ എ. പി. ശിവരാമകൃഷ്ണൻ: സഭയുടെ അനുവാദത്തോടുകൂടി ഞാൻ ഈ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, withdrawn

Demand put and carried

(iv) 2 Agriculture (Cranganur.)

Mr. E. Ikkanda Warrier. *(Prime Minister)* I move for a grant of Rs. 50, under 2- Agriculture, Cranganur.

Mr. K. Ayyappan *(Minister for Works and Revenue):* I second it.

Demand put and carried

(v) 4-Veterinary.

Mr. E. Ikkanda Warriar *(Prime Minister)* I move for a grant of Rs. 81,224 under 4, Veterinary.

Mr. K. Ayyappan *(Minister for Works and Revenue).* I second it.

CUT MOTION No 1.

മിസ്റ്റർ സി. വി. ഇയ്യു. സർ, ഞാൻ അവതരിപ്പിക്കുന്ന ഉപക്ഷേപംഇതാണു്. To reduce the allotment of Rs. 32357 for Establishment Veterinary in Demand No. 4. by-Rs. 2. *To impress upon the Government to station at least one stud-bull in every Panchayat as well as Municipal Area.*

സർ, വിത്തുകാളകളെ എല്ലാ പഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും ഒരു കൊല്ലംകൊണ്ടു നിത്തണമെന്നു ഞാൻ ഉദ്ദേശിച്ചിട്ടില്ല. ഇപ്പോൾ നടത്തിവരുന്ന സമ്പ്രദായമനുസരിച്ചു വിത്തുകാളകളെ ഗവണ്മെണ്ടു് സഹായധനത്തോടുകൂടി കൊടുക്കുന്ന സിസ്റ്റം വേണ്ടപോലെ പ്രയോജനകരമായി തീരുന്നില്ലായെന്നുള്ളതുകൊണ്ടു് ഗവണ്മെണ്ടിൽനിന്നു നേരിട്ടു പഞ്ചായത്തുകൾ മുഖേനയും, മുനിസിപ്പാലിറ്റികൾ മുഖേനയും, വിത്തുകാളകളെ കൊടുക്കാനുള്ള ഏർപ്പാടുകൾ ചെയ്യണം. മൂന്നുകൊല്ലംകൊണ്ടു് എല്ലാ മുനിസിപ്പാലിറ്റികളിലും, എല്ലാ പഞ്ചായത്തുകളിലും ഓരോ വിത്തുകാളകൾ ഉണ്ടായിരിക്കത്തക്ക ഒരു പദ്ധതി രൂപീകരിക്കുവാനുള്ള സംഗതി ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനാണു് ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. ഈ തരത്തിലുള്ള പദ്ധതി നടപ്പിൽവരുത്തിയില്ലാതെ നമ്മുടെ കന്നുകാലിവർഗ്ഗം നന്നായിതീരാനിടയില്ല. കൂടുതലായി ഞാൻ ഇതിനെക്കുറിച്ചു് ഒന്നും പറയുന്നില്ല. ഗവണ്മെണ്ടിന്റെ സത്വരശ്രദ്ധയെ ഇതിലേക്കു ക്ഷണിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. എൻ. പച്ചയ്യപ്പ കവുണ്ടർ. പ്രസിഡണ്ടു്, സർ, വെറ്ററിനറി ഡിപ്പാർട്ടുമെണ്ടു വിഷയമാക ഇന്ത കട്മോഷൻപേരിൽ എനക്കു ചില വിഷയങ്കൾ ഇന്ത ചഭൈയിൽ ചൊല്ലവേണ്ടിയിരുക്കിറതു. അതു എന്നവെൻറാൽ

ചൊന്ത അണൈച്ചൊന്തക്കാറർകൾ വരുഷത്തിർക്കു എല്ലാ ചിലവുകളുംകൂട ൫ ൦ ൦ രൂപയാക നാ അണൈക്കെട്ടുകളുക്കും നാ ൦ ൦ ൦ രൂപായ് ചിലവു ചെയ്യവന്താർകൾ. അപ്പടിയിരുക്ക കവർമ്മെണ്ടു നാ അണൈക്കെട്ടുകളുക്കു ഒരു വരുഷത്തിയ ചിലവു ൨൫,൦൦൦ രൂപായ് ചിലവുചെയ്തിരുപ്പതാക പട്ജട്ടിൽ കാൺകിറതു്. ഇന്ത താങ്കമുടിയാത ചിലവൈ എപ്പെ അണൈ ചൊന്തക്കാറർകളൈ ചകിക്കുംപടി ചൊന്നാൽ അവർകൾ പാട്ട അതോകതിയാകിവിട്ടം. ആകൈയാൽ അന്ത ചിലവൈ അവർകളിടം ചകിക്കുംപടി ചെയ്യക്കൂടാതുഎൻറ നമതു കവർമെണ്ടൈ കേട്ടുക്കൊള്ളുകിറേൻ.

ഇനി സ്റ്റഡ്ബുൾ, പൊല്ലി കാളൈകൾ വാങ്കുകിറതിൽ മുതൽമൈയാക കാൺകൈ പരീട്ട നല്ലവകൈയിൽ ഇരുക്കിറതാ എൻകിറതു പാർക്കവേണ്ടും. അതു മട്ടുമല്ല അവർകളുക്കു തീനിക്കുംമറ്റുമുള്ള ചിലവും ഇപ്പോതു ചരിയാക കൊടുക്കവില്ലൈ എൻറ കാണുകിറതു. അതൈ വളർപ്പവർകളുക്കു ചരിയാന എൻകരേജ്മെണ്ടു് പടി-മെയിൻറനൻസു ചാർജ്-കൊടുത്തുവരുവതില്ലൈ. അപ്പടിയിരുന്താൽ വിത്തുകാളൈയിനുടൈയ ചരിയാന ഉപയോകം എപ്പടി കിടൈക്കും. അതിനാൽ അവകളൈ ചരിയാക തീനിപോട്ട ൨

LIBRARY ARCHIVES Kerala Legislative Assembly

ക്ഷെ ചെയ്യാവർകളുക്കുള്ള ചിലവു കൊടുക്കുടിന ഏർപ്പാടുകൾ ചെയ്യവേണം. അല്ലാ വിട്ടാൽ പലൻ ഇല്ലാമലാകിവിടും.

ആകൈയിനാലെ നല്ലവകൈ കാളൈകൾ പാർത്തു വാങ്കുവതോട ൺതുവകൈക്കുള്ള മെയിൻറനൻസു ചാർജ്ജും ചരിയാക കൊടുക്കുടിന ഏർപ്പാടുകൾ ചെയ്യവേണമെൻറം നാൻ കേട്ടുക്കൊൾകിറേൻ.

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: സർ, ഇന്നനടക്കുന്ന സമ്പ്രദായം ഗവൺമെണ്ടിൽനിന്നു നേരിട്ടു നടത്തുന്ന ഒന്നല്ല. ഗവൺമെണ്ടിൽനിന്നു രണ്ടുമൂന്നു പ്രദേശങ്ങളിൽ മാത്രമെ വിത്തു കാളകളെ നിർത്തിയിട്ടുള്ളൂ. ബാക്കിയുള്ള സ്ഥലങ്ങളിലെ കാര്യങ്ങളെസംബന്ധിച്ചു പറയുകയാണെങ്കിൽ ഏതെങ്കിലും പ്രദേശത്തു ആരെങ്കിലും വിത്തുകാളകളെ ഏറെറടുക്കാൻ തയ്യാറണെങ്കിൽ അവർക്കു വിലകൂടാതെ വിത്തുകാളകളെ കൊടുക്കുകയും അതിനെ സംരക്ഷിക്കുന്നതിനു കൊല്ലത്തിൽ ഫ ൪ ൦ രൂപ കൊടുക്കുകയുമാണു് ചെയ്യുന്നതു്, ഇങ്ങിനെ നൂ ൦ സ്ഥലങ്ങളിൽ നൂ ൦ കാളകളെ നിർത്തിവരുന്നുണ്ടു്. ബാക്കിയുള്ള ദിക്കുകളിൽ ആരും ആവശ്യപ്പെടാത്തതുകൊണ്ടാണു് കൊടുക്കാത്തതു്. ഇന്നു സെൻട്രൽ ഫാറത്തിൽ മുപ്പതോളം വിത്തുകാളകൾ എവിടേയ്ക്കെങ്കിലും അയയ്ക്കത്തക്കവണ്ണം തയ്യാറായി നില്ക്കുന്നുണ്ടു്. കാങ്കേയം, സിന്ധി എന്നീ രണ്ടു ജാതി വിത്തുകാളകളാണു് അവിടെയുള്ളതു്. ഗവൺമെണ്ടിൽനിന്നു് നേരിട്ടു നടത്തുന്നതുകൊണ്ടു് വളരെ വലിയൊരു സംഖ്യ ചിലവുവരുന്നുണ്ടു്. മുനിസിപ്പാലിറ്റിയിൽ ആദ്യം ഇങ്ങിനെ നിർത്തിയിരുന്നു എങ്കിലും പിന്നീടു് ചിലവു അധികം വരുന്നു എന്നു പറഞ്ഞുകൊണ്ടു് അവരതു വേണ്ടെന്നു വയ്ക്കുകയാണു് ചെയ്തതു്. ചിലവു കുറച്ചുകൂടി കൂട്ടിക്കൊടുത്തു എങ്കിലും മുനിസിപ്പാലിറ്റികളിൽ വിത്തുകാളകളെ നിർത്താൻ ശ്രമിക്കാം. പിന്നെ ദേവസ്വങ്ങളിൽ വിത്തുകാളകളെ നിർത്തുന്ന സമ്പ്രദായമുണ്ടായിരുന്നു. അവരേയും പ്രോത്സാഹിപ്പിച്ചു അവിടേയും വിത്തുകാളകളെ നിർത്താൻ സാധിക്കുമോ എന്നു നോക്കാം. അതോടുകൂടി വലിയ പണക്കാരായ ആളുകളും വിത്തുകാളകളെ നിർത്തി നാടിനെ സഹായിക്കേണ്ടതാണു്. അവർ അങ്ങിനെ ചെയ്യുന്നതായാൽ നന്നായിരിക്കും. അല്ലാതെ ഗവൺമെണ്ടിൽനിന്നു ഫ ൦ ൦ പഞ്ചായത്തുകൾ ഉണ്ടെങ്കിൽ നൂറിലും വിത്തുകാളകളെ നിർത്താൻ സാധ്യമല്ല. ഏതായാലും ഗവൺമെണ്ടു് ഈ കാര്യത്തിൽ എല്ലാ കഴിവുകളുമുപയോഗിച്ചു് പ്രവർത്തിക്കുമെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു.

മിസ്റ്റർ സി. വി. ഐയ്യു സർ, തല്ക്കാലം ഗ്രാൻറു് കൊടുക്കുന്നതു കുറച്ചു കൂടുതൽ കൊടുത്താൽ ഇതു വേണ്ടിടത്തോളം പ്രയോജനപ്രദമായി തീരുമെന്നു തോന്നുന്നു. കൂടാതെ ഇതിനെ സംബന്ധിച്ചു ഒരു പദ്ധതി രൂപീകരിച്ചു പ്രവർത്തിക്കേണ്ടതാണു്. ജീവിതത്തിനുള്ള ചിലവുകൾ വർദ്ധിച്ചിരിക്കുന്ന ഈ കാലത്തു് വിത്തുകാളകളെ നിർത്തി സംരക്ഷിച്ചുപോരാൻ സാധ്യമല്ല. അതിനു ദിവസം രണ്ടു രൂപയിൽ കൂടുതൽ ക്ഷേണ ചിലവു വേണ്ടിവരും. അപ്പോൾ മാസത്തിൽ നൂ ൦ രൂപയാകും. എന്നാൽ ഇതിനുവേണ്ടി ഗവൺമെണ്ടിൽനിന്നു കൊടുക്കുന്നതു കൊല്ലത്തിൽ ഫ ൪ ൦ രൂപയാണു്. ഒരു സർവ്വീസിനു നാലണയെ വാങ്ങാൻ പാടുള്ളൂ എന്നു ഗവൺമെണ്ടു നിശ്ചയമുണ്ടു്.

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ നാലണയല്ലാ ഒരു രൂപയാണു്.

മിസ്റ്റർ സി. വി. ഐയ്യു ഒരു രൂപയാക്കിട്ടുണ്ടെങ്കിൽതന്നെ ഇതുമൂലം വലിയ ലാഭമുണ്ടാകയില്ല. ആദ്യയിൽ രണ്ടു സർവ്വീസു നടത്താനെ പാടുള്ളൂ എന്നാണു് ഗവൺമെണ്ടിൽനിന്നു നിശ്ചയിച്ചിട്ടുള്ളതു് ഇതു പ്രയോജനകരമായിതീരണമെങ്കിൽ ഗവൺമെണ്ടിൻെറ മേൽനോട്ടത്തിൽ ഫാറത്തിൽ നിൽപ്പുള്ള മുപ്പതു കാളകളെ രാജ്യത്തിൻെറ നാനാഭാഗങ്ങളിലായി നിർത്തണം. അതിനു കുറെ പണം നഷ്ടം വന്നാലും അതൊരു നഷ്ടമായി തീരുന്നതല്ല. എതായാലും ബഹുമാനപ്പെട്ട മന്ത്രി ഈ വിഷയത്തിലും പൊതുവെ കാർഷികവിഷയങ്ങളിലും വളരെ ആത്മാർത്ഥമായി പ്രവർത്തിക്കുന്നുണ്ടെന്നറിയുന്നതിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ വാഗ്ദത്തത്തെ വിശ്വസിച്ചു സഭയുടെ അനുവാദത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, withdrawn.

CUT MOTION No. 2

മിസ്റ്റർ കെ. കുഞ്ഞിരാമൻ മേനോൻ: സർ, ഞാൻ അവതരിപ്പിക്കുന്ന ഉപക്ഷേപം ഇതാണു്. To reduce the allotment of Rs, 81,224 for Veterinary (Tool) in Demand No. 4 by—

Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Kunhiraman Menon]

Re. 1. *To bring to the kind notice of the Government the necessity of stocking medicines for antirabic treatment for at least 6 Catlle at a time.*

സർ, ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിക്കുന്നതു വിഷപ്പട്ടി കടിക്കുന്ന കന്നുകാലികളുടെ ചികിത്സയിൽ ഗവണ്മെണ്ടു കാണിക്കുന്ന നയം തൃപ്തികരമല്ലെന്നു ബോദ്ധ്യപ്പെട്ടിട്ടുള്ളതുകൊണ്ടാണു്. അടുത്തുണ്ടായ ഒരു സംഗതിയാണു് ഈ ഉപക്ഷേപം അവതരിപ്പിക്കാൻ എന്നെ പ്രേരിപ്പിച്ചതു്. അതായതു് ഫ—ന—ഫ ഫ വ ർ-ൽ ചെറുതുരുത്തി പഞ്ചായത്താപ്പീസ്സിലെ മാസപ്പടിയുടെ പല്ലുവിനെ വിഷപ്പട്ടി കടിച്ചു. മൂന്നു ദിവസം കഴിഞ്ഞതിനുശേഷമാണു് വിഷമുണ്ടെന്നറിയാൻ സാധിച്ചതു്. ഉടനെതന്നെ വടക്കാഞ്ചേരി വെറ്റേർണറി ആസ്പത്രിയിൽ കൊണ്ടുപോയി. എന്നാൽ അവിടെ മരുന്നില്ലെന്നു പറഞ്ഞു മടക്കി അയക്കുകയാണു ചെയ്തതു്. അവിടെനിന്നു കിട്ടിയ കല്പന ഞാൻ ഇവിടെ വായിക്കാം.

Copy of the letter No. L. Dis. 489/24 dated 3-11-48/18-3-24 from the Director of Veterinary Services, Trichur to the Veterinary Surgeon, Wadakkanchery.

"The dog bite was on 1-3-24. The Director does not think that there will be any use in getting down the vaccine since the treatment will be delayed for more than three weeks. The Veterinary Surgeon need not, therefore, order for the vaccine."

Endorsement on C. 65/24.

True copy communicated to K. Kuttan Nair, Masapidi, Village Office (Kutenchery) Cheruthuruthy for information with the remarks that the Director is of opinion that there will be no use in getting down the vaccine since the treatment will be delayed for more than three weeks, and hence no order for the vaccine is placed.

Wadakkanchery, 19—3—1124. (Sd.) Veterinary Surgeon,

ഇങ്ങിനെ ഒരു കല്പനയാണു് കിട്ടിയതു്. അപ്പോഴേക്കും പല്ലു ചാകുകയും ചെയ്തു എന്നാണു് അറിവു്. അതുകൊണ്ടു് കന്നുകാലികളുടെ രക്ഷക്കുവേണ്ടിയും കൃഷിയുടെ രക്ഷക്കുവേണ്ടിയും ആൻറിറാബിക്കു് മെഡിസൻ ഗവണ്മെണ്ടു് സ്റ്റോക്കു് ചെയ്യണം എന്നുള്ള കാര്യം ഗവണ്മെണ്ടിൻെറ ശ്രദ്ധയിൽ കൊണ്ടുവരാനാണു് ഈ ഉപക്ഷേപം അവതരിപ്പിച്ചിട്ടുള്ളതു്. ആവശ്യമുള്ള മരുന്നെങ്കിലും ഗവണ്മെണ്ടു് കരുതിവക്കേണ്ടതു് ആവശ്യമാണു് എന്ന സംഗതി ഉൽബോധിപ്പിക്കുവാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: സർ, ഇതു സാധാരണമായി ആവശ്യംവരുന്ന ഒരു മരുന്നില്ലെന്നാണു് ഗവർമ്മെണ്ടിൻെറ അഭിപ്രായം. കന്നുകാലികളെ വിഷപ്പട്ടികടിച്ചാൽ ചികിത്സിയ്ക്കുന്നതിനു രണ്ടോ, മൂന്നോ ദിവസം വൈകിയാലും വിരോധമില്ല. ഇങ്ങിനെ ഒരു സംഭവമുണ്ടായി എന്നു വിവരം കിട്ടിയാൽ ഉടനെതന്നെ കമ്പിയടിക്കുന്നതായാൽ പിറേറദിവസത്തെ മെയിലിനു മരുന്നു് ഇവിടെകിട്ടും. അതുകൊണ്ടു് അപ്പോഴപ്പോൾ ആവശ്യത്തിനു വരുത്തുകയാണു് നല്ലതു്. ഇതിവിടെ സ്റ്റോക്കുചെയ്യണമെങ്കിൽ വളരെയധികം സംഖ്യ ചിലവുവരും. പിന്നെ എവിടെയാണു് ഇതിൻെറ ആവശ്യം വരുകയെന്നു് അറിയാൻ സാദ്ധ്യമല്ല. വല്ലപ്പോഴും ഇങ്ങിനെ ഒരു സംഭവം ഉണ്ടായേക്കാമെന്നുമാത്രമെയുള്ളു. അങ്ങിനെ ഒരു സംഭവമുണ്ടായി എന്നു വിവരം കിട്ടിയാൽ ഉടനെതന്നെ കമ്പിയടിച്ചു മരുന്നുവരുത്താൻ സാധിയ്ക്കും. അതുകൊണ്ടു് ഈ മരുന്നു് ഇവിടെ സ്റ്റോക്കുചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ കെ. കുഞ്ഞിരാമൻ മേനോൻ: ആറെണ്ണത്തിനുള്ള മരുന്നെങ്കിലും വാങ്ങിവയ്ക്കരുതോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ആറെണ്ണത്തിനുള്ള മരുന്നു തൃശ്ശൂരിലുണ്ടു്. പിന്നെ ആവശ്യമുള്ളിടത്തോളം നമുക്കു് ഉടനെ കമ്പിയടിച്ചു വരുത്തുവാൻ സാധിയ്ക്കും. ഈവക കാര്യങ്ങളിൽ കാര്യക്ഷമതയോടെ പ്രവർത്തിക്കാനുള്ള ഏർപ്പാടുചെയ്യാം.

മിസ്റ്റർ സി. വി. ഇയ്യു: ഈ ആവശ്യത്തിനു മനുഷ്യർക്കും മൃഗങ്ങൾക്കും ഒരേമരുന്നുതന്നെയാണോ ഉപയോഗിക്കുന്നതു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ; നോട്ടീസുവേണം.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. കുഞ്ഞിരാമൻ മേനോൻ: ബഹുമാനപ്പെട്ട മന്ത്രി ഈ കാര്യത്തിൽ വേണ്ട ശ്രദ്ധചെലുത്തുന്നുണ്ടെന്നു മനസ്സിലായതുകൊണ്ടു് സഭയുടെ അനുവാദത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, withdrawn

Demand put and Carried.

(vi) 2. Fisheries

* മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: I beg to move for a grant of Rs. 82,699 under 2, Fisheries.

സർ, ഈ വിഷയത്തെസംബന്ധിച്ചു ഇതിനുമുമ്പുതന്നെ ഇവിടെ വാദപ്രതിവാദമുണ്ടാകുകയും, പല നിർദ്ദേശങ്ങളും ബഹുമാനപ്പെട്ട മെമ്പർമാർ തരുകയും ചെയ്തിട്ടുണ്ടു്. എങ്കിലും ഇതിനെസംബന്ധിച്ചു രണ്ടുവാക്കു് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതു് ഒരു പ്രധാനകാര്യമായി ഗവണ്മെണ്ടു് എടുത്തിട്ടുണ്ടു്. ഇതു ഭക്ഷണക്ഷാമത്തിനു ഒരു വലിയ പരിഹാരമാണു് എന്നതിനുപുറമെ ഏറ്റവും പോഷകാംശമുള്ള ഒരു സാധനവുമാണു് മത്സ്യം എന്നാണു് ഗവണ്മേണ്ടു് കരുതീട്ടുള്ളതു്. രണ്ടുമൂന്നുതരത്തിലാണു് ഫിഷിങ്ങ്നടക്കുന്നതു്. ഡീപ്സീ ഫിഷിങ്ങു്, ഫോൺ ഫിഷിങ്ങു് ഇവരണ്ടുമാണു് പ്രധാനമായി നടക്കുന്നതു്. ഇതിനെ സംബന്ധിച്ചു ശരിയായ അന്വേഷണംനടത്തി വേണ്ട നിർദ്ദേശങ്ങൾതരാൻ ഇന്നിവിടെ ആക്കും കഴിവില്ല. മത്സ്യങ്ങളുടെ ശരിയായ വാസം എവിടെയാണെന്നു ഇതേവരെ ആക്കും കണ്ടുപിടിക്കാൻ സാധിച്ചിട്ടില്ല. മത്സ്യം പിടിക്കാൻ ചെന്നാൽ ചിലപ്പോൾ കിട്ടിയെന്നുവരും, ചിലപ്പോൾ കിട്ടിയില്ലായെന്നും വരും. അടുത്തകാലത്തു ഇതിന്റെ ആവശ്യത്തിനുവേണ്ടി ഇവിടെ ഒരു മോട്ടർവാഹനം വാങ്ങിച്ചു. ഞാൻ ഇവിടെവന്നു ചാർജ്ജെടുത്ത ഉടനെ കേട്ടതു് അതുവില്ക്കാൻ ടെൻഡർവിളിച്ചു, പക്ഷെ ആരും വരാതിരുന്നതുകൊണ്ടു് വില്ക്കേണ്ടകാര്യം വേണ്ട എന്നുവച്ചു എന്നാണു്. ഇതിനെപ്പറ്റി എന്താണു് ചെയ്യേണ്ടതെന്നു് ആക്കും ശരിയായ വിവരമില്ല. ഒരാൾക്കുതോന്നി ഇതിന്നായി ഒരു മോട്ടോർ വാഹനം മേടിച്ചാൽ തരക്കേടില്ലായെന്നു്. ഉടനെ അതു വാങ്ങി. അതു വക്കുചെയ്യുന്നതിനെ വളരെദിവസം വേണ്ടിവന്നു എന്നാണറിയുന്നതു്. കുറച്ചുദിവസം വക്കുചെയ്തു പിന്നെ അതു കയറ്റി ഇട്ടുകയുംചെയ്തു. ഇതുസംബന്ധിച്ചു ആരെങ്കിലും ശരിയായ നിർദ്ദേശം തരുകയാണെങ്കിൽ അതനുസരിച്ചു പ്രവർത്തിക്കാൻ ഗവർമ്മെണ്ടു് തയ്യാറാണു്. കടലിൽ ഒരു പത്തുപതിനഞ്ചുനാഴിക അകലെപ്പോയി ഒരു പ്രത്യേകതരം ഹുക്കു് ഉപയോഗിച്ചു മത്സ്യം പിടിയ്ക്കാനുള്ള ഏർപ്പാടു് ഈ ഡിപ്പാർട്ടുമെണ്ടിൽനിന്നു ആലോചിച്ചുവരുന്നുണ്ടു്. അതിനുമുമ്പു ചെയ്തിരുന്നതുപോലെ ശമ്പളംകൊടുത്തു ആളുകളെ നിയ്ക്കുന്നതുകൊണ്ടു് വളരെ പ്രയോജനമുണ്ടെന്നു തോന്നുന്നില്ല. ശമ്പളംകൊടുത്തു നിയ്ക്കുന്ന ആളുകളും ഇതിൽ വേണ്ട ശ്രദ്ധ പതിപ്പിക്കുകയില്ല. എന്നാൽ ഇതിനു മിടുക്കന്മാരായ ആളുകളുണ്ടു്. അവക്കു് ഇതിനുവേണ്ട സൌകര്യങ്ങളും ചെയ്തുകൊടുക്കാൻ ഗവർമ്മെണ്ടു് തയ്യാറാണു്. ഇതിന്നാവശ്യമായ Net വലിയ വിലപിടിച്ചു സാധനമായതുകൊണ്ടു് അതു അവക്കു് വാങ്ങാൻ സാദ്ധ്യമല്ല. അതുകൊണ്ടു് അതു സർക്കാരിൽനിന്നു വാങ്ങിക്കൊടുക്കുക. അവക്കുകിട്ടുന്ന അനുഭവത്തിൽനിന്നു ൬ 0 per cent അവരെടുക്കുക. ൨ 0 per cent സർക്കാരിലേയ്ക്കു കൊടുക്കുക. ഇങ്ങിനെ ഒരു സമ്പ്രദായമുണ്ടാക്കിയാൽ അവക്കു പ്രോത്സാഹനമുണ്ടാകുമെന്നാണു് ഗവണ്മെണ്ടു് വിചാരിക്കുന്നതു്. ഇത്തരത്തിൽ ഒരു പുതിയ സമ്പ്രദായമനുസരിച്ചു പ്രവർത്തിക്കുകയാണെങ്കിൽ അതു വിജയകരമായിത്തീരും എന്നാശിക്കുന്നു. ഇതിലേക്കു പതിനായിരം രൂപാ ഇക്കൊല്ലത്തെ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ടു്. അതു ചിലവാക്കാനുള്ള പ്രോഗ്രാം ഇട്ടിട്ടുണ്ടു്. പിന്നെ ഞാറക്കൽ ഒരു ഫിഷ് പോണ്ടു് ഉണ്ടു്. അതു നല്ലസ്ഥിതിയിൽ നടന്നുവരുന്നുണ്ടു്. അവിടെ ധാരാളം മത്സ്യങ്ങൾ ലഭിക്കുന്നുണ്ടു്. ആദായകരമായനിലയിൽ നടന്നുവരുന്നുണ്ടു്. ഇതു എറണാകുളം ടൌണിന്റെ അടുത്തായതുകൊണ്ടു് അവിടെനിന്നും പിടിക്കുന്ന മത്സ്യങ്ങൾക്കു നല്ല വിലയും കിട്ടുന്നുണ്ടു്. തീരപ്രദേശങ്ങളിലുള്ള ഫോൺ ഫിഷിങ്ങിനുവേണ്ടി ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ടു്. പൊയ്യ എന്ന സ്ഥലത്തു ഫിഷ് പോണ്ടു് ഉണ്ടാക്കാൻ സൌകര്യമുണ്ടു്. അതിനെപ്പറ്റി അന്വേഷണംനടത്തി റിപ്പോർട്ടു് സമർപ്പിയ്ക്കാനുള്ള ഏർപ്പാടുചെയ്തിട്ടുണ്ടു്. ഇക്കൊല്ലംതന്നെ അവിടെ അതു തുടങ്ങാൻ സാധിക്കുമെന്നാണു് വിചാരിക്കേണ്ടതു്.

LIBRARY ARCHIVES Kerala Legislative Assembly